കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ എസ് എ-കെ എൽ എം പി 3-263/17

കേരള സംസ്ഥാന ഓഡിറ്റ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി.12-02-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെട്ടിക്കവല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വെട്ടിക്കവല ഗ്രാമപഞ്ചായത്ത് - 2015-2016 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം നം.കെ എസ് എ-കെ എൽ എം പി 3-263/17 തിയ്യതി:12-02-2017

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ

2015-2016സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 30-7-16 മുതൽ 15-12-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.എം.ഗീത, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 15-12-16 മുതൽ 22-12-16വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഐസക് ജോൺ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ശശി ജോഷ്.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ലാലു.ആർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ജമീലബീവി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.അസീസ് | 1-4-15 മുതൽ 31-10-15 വരെ |
| | | ശ്രീമതി.പ്രീതാ മാതൃക്കുട്ടി | 19-11-15മുതൽ 31-3-16 വരെ |
| സെക്രട്ടറി | : | ശ്രീ.റ്റി.എൻ.ഭദ്രൻ | 1-4-15 മുതൽ 31-03-16 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
|---|---|---|---|
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.സെക്രട്ടറി | | ശ്രീ.അജിത കുമാർ | 1-4-15 മുതൽ 10-8-15 വരെ |
| | | ശ്രീമതി.കെ.രാധാമണി(എച്ച്സി) ഇൻ ചാർജ് | 11-8-15 മുതൽ 17-8-15 വരെ |
| | | ശ്രീമതി.അനിതകുമാരി | 18-8-15മുതൽ 31-3-16 വരെ |
| എ.ഇ., എൽ.എസ്.ജി.ഡി. | | ശ്രീമതി.വിജിമോൾ.ഡി. | 1-4-15 മുതൽ 31-03-16 വരെ |
| വെറ്ററിനറി സർജൻ | | ഡോ.വിനോദ് ജോൺ | 1-4-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | | ഡോ.ലിഖിൻ.എസ്.പി. | 1-4-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.നസിയ ഷരീഫ് | 1-4-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ. | | ശ്രീ.അജയ് വർഗീസ് | 1-4-15 മുതൽ 31-03-16 വരെ |
| ഐ.സി.ഡി.എസ്. , സൂപ്പർവൈസർ | | ശ്രീമതി.സിജി മജീദ് | 1-4-15 മുതൽ 24-9-15 വരെ |
| | | ശ്രീമതി.ശശികലാദേവി | 25-9-15 മുതൽ 31-3-16 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തനത് ഫണ്ട് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചു വരുന്നു. | 2-1 | |
| 13 | നിർജീവമായ അക്കൗണ്ടുകൾ | 2-2 | |
| 14 | റേഷൻ കടകളുടെ സ്ഥാപന, തൊഴിൽ നികുതികൾ ഈടാക്കുന്നില്ല | 2-3 | |
| 15 | തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല | 2-4 | |
| 16 | കെട്ടിട നമ്പരിംഗ് : നിരസിക്കപ്പെട്ട അപേക്ഷയിൻമേൽ ഉചിതമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 2-5 | |
| | ഭാഗം 3 | | |
| 17 | നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് കറന്റ് ചാർജ്ജ്- തുക ക്രമപ്പെടുത്തേണ്ടതാണ്. | 3-1 | |
| 18 | മരുന്ന് ലഭ്യമായില്ല-21195/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 | |
| 19 | വെള്ളക്കരം ഒടുക്ക് -രേഖകളുടെ അഭാവത്തിൽ 89,250/- രൂപ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 20 | ലോഗ് ബുക്ക് പരിപാലനം -അപാകതകൾ | 3-4 | |
| 21 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. | 3-5 | |
| 22 | നെൽകൃഷിക്ക് വിത്തും വളവും - ശാസ്ത്രീയ ശുപാർശകൾ പാലിക്കുവാനുള്ള നിർദ്ദേശങ്ങൾ പോലുമില്ലാതെ രാസവളങ്ങൾക്കുള്ള സബ്സിഡി തുക വിതരണം ചെയ്തു. | 3-6 | |
| 23 | അങ്കണവാടി പോഷകാഹാരം- കുട്ടികളുടെ എണ്ണത്തിന് | 3-7 | |

| | | | |
|---|---|---|---|
| | ആനുപാതികമായി പൊതു വിഭാഗം ഫണ്ടും, പ്രത്യേത ഘടക പദ്ധതി ഫണ്ടും വകയിരുത്തൽ - പ്രോജക്ട് തയ്യാറാക്കൽ മാനദണ്ഡങ്ങൾ പാലിച്ചില്ല. | | |
| 24 | കേന്ദ്ര വിഹിതമായി ഭക്ഷ്യധാന്യം - ക്രമരാഹിത്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല. | 3-8 | |
| 25 | ഐ.എ.വൈ. വിഹിതം - ഗുണഭോക്താക്കളുടെ വിവരങ്ങളോ, വിനിയോഗ വിവരങ്ങളോ ഇല്ല | 3-9 | |
| 26 | കിണർ നിർമ്മാണം (എസ്.സി.പി.) അർഹമായതിലും അധികം സബ്സിഡി അനുവദിച്ചു | 3-10 | |
| 27 | ചിരട്ടക്കോണം-പച്ചൂർ റോഡ് സൈഡ് കെട്ടും കോൺക്രീറ്റിംഗും- അപാകതകൾ - 4269/- രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-11 | |
| 32 | പ്രോജക്ട് നം. SO-185/16- കോക്കാട് ഗവ.യു.പി.എസ്.റോഡ് കോൺക്രീറ്റിംഗ്-അനുവദനീയമല്ലാത്ത ചെലവ്-2614/-രൂപ നിരാകരിക്കുന്നു | 3-12 | |
| 33 | അതുല്യം പ്രാഥമിക വിദ്യാഭ്യാസ പരിപാടി - പുസ്തകം വാങ്ങി നൽകിയതായും പരീക്ഷ എഴുതിയതായും വ്യക്തമാക്കുന്ന രേഖകളില്ല. | 3-13 | |
| 34 | മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ഓട്ടോറിക്ഷ വാങ്ങലിന് ആനുകൂല്യങ്ങൾ നൽകി. | 3-14 | |
| 35 | ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 3-15 | |
| 36 | കോളനികളിൽ എൽ ഇ ഡി ബൾബുകൾ സ്ഥാപിയ്ക്കൽ- മാനദണ്ഡങ്ങൾ പാലിച്ചില്ല, ബൾബുകളിൽ പലതും പ്രവർത്തനരഹിതം. | 3-16 | |
| 37 | തെരുവു വിളക്കുകളുടെ പരിപാലനം - സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല, വാങ്ങിയ ഉപകരണങ്ങളുടെ വിതരണ വിവരങ്ങൾ ഇല്ല. | 3-17 | |
| 38 | എസ്.എസ്.എ ഗ്രാമ പഞ്ചായത്ത് വിഹിതം-മാർഗ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്ന് 300000/-രൂപ ചെലവഴിച്ചു. | 3-18 | |
| 39 | നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ -ധനവിനിയോഗ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല. | 3-19 | |
| 40 | വനിതാഘടക പദ്ധതി മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ഭവന പുനരുദ്ധാരണ ആനുകൂല്യങ്ങൾ നൽകി. | 3-20 | |
| 41 | ജവഹർ ഭവന നിർമാണ പദ്ധതി - ഭവന നിർമ്മാണം | 3-21 | |

| | | | |
|---|---|---|---|
| | പൂർത്തികരിച്ചിട്ടില്ല | | |
| | ഭാഗം 4 | | |
| 42 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 47 | ഓഡിറ്റ് റിക്കവറി | 4-6 | |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 51 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 4-3-16 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-16 | 15-6-16 | - | - |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | നമ്പർ/തീയതി |
|---|---|---|
| 2015-2016 | 22-12-16 | |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 32772472 |
| വരവ് | 61239672 |
| ആകെ | 94012144 |
| ചെലവ് | 74052330 |
| നീക്കിയിരിപ്പ് | 19959814 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2484302 | 9396079 | 11880381 | 11880381 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2896745 | 7066646 | 9963391 | 9963391 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 4000 | 0 | 4000 | 4000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1456708 | 2362429 | 3819137 | 3819137 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2179660 | 3252023 | 5431683 | 5431683 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2305816 | 8310877 | 10616693 | 10616693 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 4737631 | 946610 | 5684241 | 5684241 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 77545 | 16502643 | 16580188 | 16560780 | 19408 | 99.88 |
| ബി ഫണ്ട് | - | 42580080 | 42580080 | 42580080 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 80455756 | 216 | 53534405 | 5 | 7 | 94.73 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)കക്കൂസ് നിർമാണം

2)ഓർത്തഡോക്സ് പള്ളി നെട്ടറക്കോണം
ഏല റോഡ് കോൺക്രീറ്റിംഗ്

3)സ്കൂൾ പ്രവേശനോത്സവം

4)പട്ടികവർഗ ഫണ്ട് തിരിച്ചടവ്

5)ചിരട്ടക്കോണം മാർക്കറ്റ് ഓഡിറ്റോറിയം മെയിന്റനൻസ്

6)തെറ്റിയോട് എലാറോഡ് സൈഡ് കെട്ട്

7)തെറ്റിയോട് എലാറോഡ് കലുങ്ക് നിർമാണം

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.95ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4013277 | 3330753 | 682524 | -17 |
| നികുതിയേതര വരവുകൾ | 630510 | 455351 | 175159 | -27.8 |
| മറ്റുവരവുകൾ | 392815 | 749245 | 356430 | +90.7 |
| ആകെ | 5036602 | 4535349 | 501253 | +9.95 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720600 | 410 |
| കർഷകതൊഴിലാളി പെൻഷൻ | 5960280 | 639 |
| വിധവാപെൻഷൻ | 16690000 | 1679 |
| വാർദ്ധക്യകാലപെൻഷൻ | 13495740 | 2093 |
| വികലാംഗപെൻഷൻ | 5132660 | 491 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-12-16 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 537/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-10 ആഭ്യന്തരനിയന്ത്രണം

എല്ലാ രസീതു ബുക്കുകളും രസീതുകളുടെ എണ്ണം തിട്ടപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതിന് ശേഷം ഉപയോഗക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ക്യാൻസൽ ചെയ്യുന്ന രസീതുകൾ ക്യാൻസൽ ചെയ്യതിന്റെ കാരണം വ്യക്തമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ക്യാൻസൽ ചെയ്യുന്ന രസീതുകളുടെ കൗണ്ടർ ഫോയിലും സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-11-16 | 10/2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6-9-12 | 2007-2008മുതൽ 2011-2012വരെ | 5-11-12 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് ഫണ്ട് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചു വരുന്നു.

സർക്കാർ നിർദ്ദശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചു വരുന്നു.26/05/2011 ലെ 58725/എഫ്.എം.3 /2008/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് തനത് വരുമാനം സൂക്ഷിക്കുവാൻ ട്രഷറി അക്കൗണ്ട് കൂടാതെ ഒറ്റ ബാങ്ക് അക്കൗണ്ട് മാത്രമേ പാടുള്ളൂ. എന്നാൽ ഇതിനു വിരുദ്ധമായി വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വെട്ടിക്കവല സർവ്വീസ് സഹകരണ ബാങ്ക് (A/c No.4820), ഇൻഡ്യൻ ഓവർസീസ് ബാങ്ക് (A/c No.115501000009020) എന്നിവിടങ്ങളിലായി സൂക്ഷിക്കുന്നു. തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി ഒരു അക്കൗണ്ട് മാത്രം നിലനിർത്തി രണ്ടാമത്തെ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 നിർജീവമായ അക്കൗണ്ടുകൾ

ഗ്രാമപഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി ആരംഭിച്ച ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ പലിശ വരവ് മാത്രം വരുന്ന അക്കൗണ്ടുകളായി നിലനിൽക്കുന്നു.

| അക്കൗണ്ട് | അക്കൗണ്ട് നം | ട്രാൻസാക്ഷൻ എന്നു വരെ | നീക്കിയിരിപ്പ് |
|---|---|---|---|
| പ്ലാൻ ഇംപ്രസ്റ്റ് | a/c no.4388 | 18-4-16 | 31-1-16 17666/- |
| ഹൗസിംഗ് | 2906 | 8-4-16 | 15-12-16 2949529 |
| സാക്ഷരത(ഇന്ത്യൻ ബാങ്ക്) | a/c no.506433281 | 26-12-06 | 15-12-16 1,31,488/- |
| ശുചിത്വമിഷൻ | SB a/c no. 506434831 | 8-6-15 | 15-12-16 703004/- |
| എസ്.എസ്.എ. | 506452147 | 2-4-13 | 15-12-16 11949/- |
| പെൻഷൻ (ഐ.ഒ.ബി.) | 2029 | 17-4-12 | 1-8-16 36300 |

മേൽ അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകകൾ പ്രത്യേക പദ്ധതികൾക്കായി കിട്ടിയവയാണ്. അവ കിട്ടിയ സ്രോതസ്സിലേക്ക് മടക്കി നൽകുകയോ അല്ലാത്തവ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മുതൽക്കൂട്ടുകയോ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-24 തീയതി 22-12-16) മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 2-3 റേഷൻ കടകളുടെ സ്ഥാപന, തൊഴിൽ നികുതികൾ ഈടാക്കുന്നില്ല

വെട്ടിക്കവല ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ സ്ഥാപന, തൊഴിൽ നികുതികൾ നാളിതുവരെ ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് എന്നതിന് പോലും അധികൃതർക്ക് കൃത്യമായ കണക്കുകളില്ല. ആയതിനാൽ അടിയന്തിരമായി റേഷൻ കടകളുടെ എണ്ണം തിട്ടപ്പെടുത്തി കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 13 പ്രകാരം സെക്രട്ടറി ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ച് നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2015-2016 സാമ്പത്തിക വർഷം രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്,പനവേലി |
| 2 | ബി.എസ്.എൻ.എൽ. |
| 3 | സർവീസ് കോപ്പറേറ്റിവ് ബാങ്ക്, ചക്കുവരക്കൽ |
| 4 | പോപ്പുലർ മെഗ മോട്ടോഴ്സ്, ഇരണൂർ |
| 5 | മാർബസേലിയസ് പബ്ളിക് സ്കൂൾ, ചിരട്ടക്കോണം |
| 6 | മാവേലിസ്റ്റോർ,വെട്ടിക്കവല |

ടി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 കെട്ടിട നമ്പരിംഗ് : നിരസിക്കപ്പെട്ട അപേക്ഷയിൻമേൽ ഉചിതമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

2015-2016 വർഷം കെട്ടിട നമ്പരിംഗിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ, ചട്ട ലംഘനങ്ങൾ നടത്തിയത് മൂലവും, ആവശ്യമായ രേഖകളില്ലാത്തതു കൊണ്ടും അപേക്ഷ നിരസിക്കപ്പെട്ട കെട്ടിടങ്ങളെ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി യു.എ നമ്പർ (Unauthorized Number) നൽകുകയോ, പഞ്ചായത്ത് രാജ് സെക്ഷൻ 235എഎ വകുപ്പ് പ്രകാരം നിയമാനുസൃത നികുതിയും, അതിന്റെ രണ്ടിരട്ടിയും വസ്തുനികുതിയായി ഈടാക്കികൊണ്ട് മറ്റ് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

2015-2016 വർഷം കെട്ടിട നമ്പരിങ്ങിനായി ലഭിച്ച അപേക്ഷകൾ, അവയിൽ നമ്പർ

അനുവദിച്ചതും, അപേക്ഷ നിരസിക്കപ്പെട്ടതുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ എൻക്വയറിക്ക്(നം.13/21-12 -2016) ലഭിച്ച മറുപടി പ്രകാരം തൻവർഷം ആകെ 365 അപേക്ഷകളാണ് കെട്ടിട നമ്പരിങ്ങിനായി ലഭിച്ചത് അതിൽ 12 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചു. എന്നാൽ ഇവക്ക് നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നൽകുന്ന യു.എ നമ്പർ നൽകുകയോ, ചട്ട പ്രകാരം ഈടാക്കേണ്ട വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. നിരസിക്കപ്പെട്ട അപേക്ഷകളുടെ പട്ടിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേരും മേൽവിലാസവും, | അപേക്ഷ നമ്പരും, തീയതിയും | കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം (ച.മീറ്റർ) | അപേക്ഷ നിരസിക്കപ്പെട്ടതിന്റെ കാരണം |
|---|---|---|---|---|
| 1. | ഗീതുകുട്ടി കാക്കോട്ടുവിളവീട് പനവേലി | 2473/16 26-4-16 | വാണിജ്യം,10 | ചതുപ്പ് നിലം |
| 2. | ശ്രീ.കെ.എസ്.പ്രമോദ് കലാമന്ദിരം വെട്ടിക്കവല | 2664/16 10-5-16 | വാണിജ്യം,110 | ചതുപ്പ് നിലം |
| 3. | ശ്രീ.കുഞ്ഞുമോൻ ബിജുഭവൻ, പനവേലി | 3596/15 30-7-15 | പാർപ്പിടം, 1 | മതിയായ രേഖകൾ ഹാജരാക്കിയില്ല |
| 4. | ശ്രീ.അജികുമാർ അജിനി നിവാസ് ചക്കുവരക്കൽ | 3300/16 24-4-16 | വാണിജ്യം,148 | KPBR ലംഘനം |
| 5. | ശ്രീ.കൃഷ്ണൻകുട്ടി വണ്ടേറ്റിൽ അപ്പൂപ്പൻകാവ് ഇരണൂർ | 5087/14 20-4-15 | - | മതിയായ രേഖകൾ ഹാജരാക്കിയില്ല |
| 6. | ശ്രീമതി.ഷംന നാസർ ഷംന ഗാർഡൻ കിളികൊല്ലൂർ | 5398/15 20-11-15 | വാണിജ്യം,670 | മതിയായ രേഖകൾ ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| 7. | കസ്തൂരി ജോർജ് കൈനാത്ത് വിള നടുകക്കുന്ന് | 5952/15 28-12-15 | വാണിജ്യം,72 | മതിയായ രേഖകൾ ഹാജരാക്കിയില്ല |
| 8. | തങ്കമ്മമോസസ് ചരുവിളപുത്തൻവീട് കരിക്കം | 1937/16 1-4-16 | പാർപ്പിടം, 74 | ഉടമസ്ഥതാവകാശ തർക്കം |
| 9. | അശോക് കുമാർ, കൈലാസ് ഭവൻ വെട്ടിക്കവല | 1683/15 18-4-16 | വാണിജ്യം,9 | KPBR ലംഘനം |
| 10. | ആനന്ദകുമാർ കൈലാസ് ഭവൻ വെട്ടിക്കവല | 1684/16 18-4-16 | വാണിജ്യാവശ്യം, 9 | KPBR ലംഘനം |
| 11. | എൽസി.കെ.എൽ. കൊച്ചഴികത്ത് ആരാംഭവൻ പ്ലാപ്പള്ളി | 1141/16 23-4-16 | പാർപ്പിടം, 74 | മുൻസിപ്പാലിറ്റി പരിധിയിലുള്ള സ്ഥലം |
| 12. | ഫിലിപ്പ് കാക്കോട്ട് ശാലോംഭവൻ പനവേലി | - | വാണിജ്യാവശ്യം, 10 | KPBR ലംഘനം |

കേരള പഞ്ചായത്തു രാജ് ആക്ട് സെക്ഷൻ 235എഎ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ ടി കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കൂടാതെ 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയം സേവന ഉപനികുതിയും, സർചാർജ്ജും)ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അത് നിയമാനുസൃതമല്ലെന്ന് സൂചിപ്പിക്കുന്ന 'യൂ.എ' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കാണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ

നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിട നമ്പർ നൽകുന്നത് 235എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ നമ്പരിംഗിനുള്ള അപേക്ഷ നിരസിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യൂ.എ നമ്പർ' നൽകുകയും, അവക്കെതിരെ സ്വീകരിക്കേണ്ട നിയമാനുസൃത നടപടികൾക്ക് ഭംഗം വരാതെ ചട്ട പ്രകാരമുള്ള നികുതി ഈടാക്കേണ്ടതുമാണ്. വരും വർഷങ്ങളിലും ഇത്തരത്തിൽ നമ്പരിംഗിനുള്ള അപേക്ഷ നിരസിക്കപ്പെടുന്ന കെട്ടിടങ്ങളെ യഥാസമയം യൂ.എ രജിസ്റ്ററിൽ ചേർത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് ഒടുക്കുന്ന കറന്റ് ചാർജ്ജ്-12.35 ലക്ഷം രൂപയുടെ അധിക ചെലവ്

2015-16 വർഷത്തിൽ വെട്ടിക്കവല ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ് സംബന്ധിച്ച് പരിശോധനയിൽ നിലവിലില്ലാത്ത ഓഡിനറി ബൾബുകൾക്ക് കെ.എസ്.ഇ.ബിയിൽ ലക്ഷക്കണക്കിന് രൂപ കറണ്ട് ചാർജ് ഒടുക്കുന്നതായി കാണുന്നു.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു ഓർഡിനറി ബൾബ് മാത്രമാണുള്ളത്. കെ.എസ്.ഇ.ബി ലഭ്യമാക്കിയ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കണക്കിലും ഓർഡിനറി ബൾബുകൾ ഉള്ളതായി കാണിച്ചിട്ടില്ല. എന്നാൽ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് ഒടുക്കുവരുത്തുന്ന ബില്ലിൽ 1688 ഓർഡിനറി ബൾബുകളുടെ കറന്റ് ചാർജ്ജ് ഒടുക്കു വരുത്തിക്കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | കറണ്ട് ചാർജ് തുക | വൗച്ചർ നം/തീയതി | ഓഡിനറി ബൾബിനായി ഒടുക്കിയ തുക |
|---|---|---|---|
| 04/15 | 152564 | 31/4-15<br>13-4-15 | 1687x61=102907 |
| 05/15 | 152564 | 36/5-15<br>11-5-15 | 1687x61=102907 |
| 06/15 | 152564 | 10/6-15<br>4-6-15 | 1687x61=102907 |
| 07/15 | 152564 | 58/7-15<br>9-7-15 | 1687x61=102907 |
| 08/15 | 152564 | 56/8-15<br>7-8-15 | 1687x61=102907 |

| | | | |
|---|---|---|---|
| 09/15 | 152564 | 60/9-15<br>9-9-15 | 1687x61=102907 |
| 10/15 | 152564 | 19/10-15<br>5-10-15 | 1687x61=102907 |
| 11/15 | 152564 | 19/11-15<br>16-11-15 | 1687x61=102907 |
| 12/15 | 152715 | 41/12-15<br>10-12-15 | 1687x61=102907 |
| 01/16 | 152564 | 23/1-16<br>7-1-16 | 1687x61=102907 |
| 02/16 | 152914 | 29/2-16<br>8-2-16 | 1687x61=102907 |
| 03/16 | 154720 | 11/3-16<br>3-3-16 | 1687x61=102907 |
| ആകെ | 1833425 | | 1234884 |

മേൽ സാഹചര്യത്തിൽ നിലവിലില്ലാത്ത ഓർഡിനറി ബൾബിന്റെ വൈദ്യുതി ചാർജിനത്തിൽ ഒടുക്കു വരുത്തിയ 1234884/- രൂപ വരും കാലങ്ങളിലെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിൽ ക്രമപ്പെടുത്തുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 മരുന്ന് ലഭ്യമായില്ല-21195/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. – 12/15-16 – മരുന്ന് വാങ്ങൽ

നിർവഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

അടങ്കൽ തുക- 100000/-രൂപ

ചെലവ്- 100000/-രൂപ

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള പി.എച്ച്.സി യിലേക്ക് മരുന്ന് വിതരണം ചെയ്യുന്നതിനായി ബിൽ നം. 10/15-16 പ്രകാരം 100000/- രൂപ 13-1-16 ൽ കേരള മെഡിക്കൽ സർവീസ് കോർപറേഷന് നൽകി. ഇതിൽ 78805/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. ബാക്കി 21195/- രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2,16-12-16) മരുന്ന് ലഭ്യമാക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് അയച്ചിട്ടുണ്ടെന്ന് അറിയിച്ചു. അതിനാൽ 21195/-

രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 വെള്ളക്കരം ഒടുക്ക് -രേഖകളുടെ അഭാവത്തിൽ 89,250/- രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഓഡിറ്റ് വർഷം ആകെ 89,250/- രൂപ ഒടുക്ക് വരുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./ തീയതി | തുക |
|---|---|
| 68/4-15 | 9625 |
| 44/6-15 | 11375 |
| 111/9-15 | 11375 |
| 51/10-15 | 11375 |
| 47/12-15 | 11375 |
| 48/1-16 | 11375 |
| 38/2-16 | 11375 |
| 36/3-16 | 11375 |
| ആകെ | 89250 |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 26 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിലാണ് പ്രസ്തുത തുക ഒടുക്ക് വരുത്തിയിരിക്കുന്നത്.എന്നാൽ പൊതുടാപ്പുകളുടെ എണ്ണം, തരം സംബന്ധിച്ച യാതൊരു രേഖകളും ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല, പൊതുടാപ്പുകളുടെ വിവരം സംബന്ധിച്ച് ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തുകയോ പൊതു ടാപ്പ് രജിസ്റ്റർ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് 20-12-16 ൽ ഓഡിറ്റ് എൻക്വയറി (നമ്പർ- 06) നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല. മേൽ സാഹചര്യത്തിൽ വെള്ളക്കരമിനത്തിൽ ചെലവഴിച്ച 89,250/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 ലോഗ് ബുക്ക് പരിപാലനം -അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജീപ്പിന്റെ (KL-24-7044) ലോഗ്ബുക്ക് പരിശോ ധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധന നടത്തുന്നില്ല

2)ലോഗ് ബുക്കിൽ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല.

3)ലോഗ് ബുക്ക് മാസാന്ത്യ ക്ളോസിംഗ് നടത്തുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 20/12/16 ൽ ഓഡിറ്റ് എൻക്വയറി നമ്പർ-5

നൽകിയെങ്കിലും മറുപടി ഹാജരാക്കിയില്ല.

## 3-5 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം സ്ഥായിയായതും ഉല്പാദന ക്ഷമവുമായ സാമൂഹ്യ ആസ്തികളുടെ നിർമ്മാണം ഉറപ്പാക്കുക എന്നതും ലക്ഷ്യമാക്കി തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.12ലെ സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും, സിമന്റ് കോൺക്രീറ്റ് റോഡുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന് 02.02.12ലെ സ.ഉ.(സാധാ)നം.334/12/ത.സ്വ.ഭ.വ. ഉത്തരവിലും സ.ഉ.(കൈ)നം.93/12/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം സാധന സാമഗ്രികൾ വാങ്ങി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കണമെന്ന് 30.03.15ലെ ടി.ടി2/116 /2015/എൽ.എസ്.ജി.ഡി.നമ്പർ സർക്കുലറിലും ഓരോ ഗ്രാമപഞ്ചായത്തിലും വേതനം സാധന ഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നിലനില്ക്കത്തക്ക രീതിയിൽ സാധന ഘടകങ്ങൾ ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ പരമാവധി റോഡുപ്രവൃത്തികളും ഏറ്റെടുക്കണമെന്ന് 24.06.15ലെ സ.ഉ.(കൈ)നം.202/15/ത.സ്വ.ഭ.വ. ഉത്തരവിലും വ്യക്തമാക്കുകയും, 2015-16ൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വിവിധ പ്രവൃത്തികൾക്ക് ജില്ലാതല പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ച് നൽകിയ സാധന സാമഗ്രികൾക്കുള്ള വിലകളും വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിലാളികൾക്കുള്ള കൂലിയും 20.07.15 ലെ എ1.539/15നമ്പർ കത്ത് പ്രകാരം ജോയിന്റ് ഡെപ്യൂട്ടി കമ്മീഷണർ അറിയിക്കുകയും ചെയ്തുവെങ്കിലും സാധനഘടകങ്ങൾ ഉപയോഗിച്ചുള്ള യാതൊരു പ്രവൃത്തികളും ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-8,21-12-16) സ്ഥിര ആസ്തികളുടെ നിർമാണ പ്രവർത്തികളുടെ പ്രധാന ഘടകമായ എം.സാന്റിന്റെ റേറ്റ് അംഗീകരിച്ച് ലഭ്യമാക്കിയിട്ടില്ലാത്തതിനാലും എം.സാന്റിന് പകരമായി ഉപയോഗിക്കാവുന്ന കോഴ്സ് സാന്റ് ലഭ്യമല്ലാത്തതിനാലും കോഴ്സ് സാന്റിന്റെ വില വെച്ചിട്ട് എം.സാന്റിന് വേണ്ടി റേറ്റ് ക്വോട്ട് ചെയ്യുന്നതിലുണ്ടായ അവ്യക്തതയാണ് മെറ്റീരിയൽ വർക്കുകൾ എടുക്കുന്നതിൽ നിന്ന് പിന്നോട്ട് പോകാൻ കാരണമെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത് .ഭാവിയിൽ ഇത്തരത്തിലുള്ള പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ സാധന ഘടകങ്ങൾ ഉൾപ്പെടുന്ന പ്രവർത്തികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 നെൽകൃഷിക്ക് വിത്തും വളവും - ശാസ്ത്രീയ ശുപാർശകൾ പാലിക്കുവാനുള്ള നിർദ്ദേശങ്ങൾ പോലുമില്ലാതെ രാസവളങ്ങൾക്കുള്ള സബ്സിഡി തുക വിതരണം ചെയ്തു.

അത്യുൽപാദന ശേഷിയുള്ള ഹ്രസ്വകാലയിനങ്ങൾ ഉപയോഗിച്ചുള്ള നെൽകൃഷിക്ക് ശുപാർശ ചെയ്തിട്ടുള്ള രാസവളങ്ങളുടെ തോത് കി.ഗ്രാം./ഹെക്ടറിന് 70:35:35 എന്ന അനുപാതത്തിലായിരിക്കെ, കൃഷി ചെയ്യുന്നതിലേക്ക് ഹ്രസ്വകാല ഇനമായ പ്രത്യാശ

വിത്ത് വാങ്ങി നൽകിയെങ്കിലും രാസവളപ്രയോഗത്തിന് ശാസ്ത്രീയ ശുപാർശകൾ പാലിക്കുവാനുള്ള നിർദ്ദേശങ്ങൾ പോലുമില്ലാതെ രാസവളങ്ങൾക്കുള്ള സബ്സിഡി തുക വിതരണം ചെയ്തു.

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി വികസന ഫണ്ടിൽ നിന്നും 79,200/-രൂപയുൾപ്പെടെ 1,35,200 /-രൂപ വകയിരുത്തി നടപ്പിലാക്കിയ സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിനായി (പ്രോ. നം 27/15-16)15.03.16ലെ ബിൽ നം.5/15-16 പ്രകാരം പിൻവലിച്ച 79,200/-രൂപയിൽ നിന്നും 7200/-രൂപ ചെലവഴിച്ച് എസ്.എസ്.എഫ് കൊട്ടാരക്കര എന്ന സ്ഥാപനത്തിൽ നിന്ന് 240 കി.ഗ്രാം. പ്രത്യാശ നെൽവിത്ത് വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. അത്യുത്പാദന ശേഷിയുള്ള ഹ്രസ്വകാലയിനമായ പ്രത്യാശ വിത്ത് കൃഷി ചെയ്യുന്നതിലേക്ക് അനുവദിനീയമായ രാസവളത്തിന്റെ തോത് കി.ഗ്രാം/ഹെക്ടറിന് 70:35:35 എന്ന അനുപാതത്തിലായിരിക്കണമെന്ന് വിള പരിപാലന ശാസ്ത്രീയ ശുപാർശകളിൽ വ്യക്തമാക്കിയിരിക്കെ രാസവളപ്രയോഗത്തിന് ശാസ്ത്രീയ ശുപാർശകൾ പാലിക്കുവാനുള്ള നിർദ്ദേശങ്ങൾ പോലും നൽകാതെ കൃഷി ചെയ്ത ഭൂവിസ്തൃതിയെആധാരമാക്കി വളം വാങ്ങിയതിനുള്ള സബ്സിഡിയായി 72,000/- രൂപ അനുവദിച്ച് നൽകി.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ശാസ്ത്രീയ ശുപാർശകൾ കൃത്യമായി പാലിച്ച് രാസവളത്തിന്റെ തോത് നിശ്ചയിച്ച് നൽകുന്നതിനും തദനുസൃതമായി മാത്രം സബ്സിഡി അനുവദിച്ച് നൽകുന്നതിനും നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 <u>അങ്കണവാടി പോഷകാഹാരം- കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പൊതു വിഭാഗം ഫണ്ടും, പ്രത്യേക ഘടക പദ്ധതി ഫണ്ടും വകയിരുത്തൽ - പ്രോജക്ട് തയ്യാറാക്കൽ മാനദണ്ഡങ്ങൾ പാലിച്ചില്ല.</u>

അങ്കണവാടി പോഷകാഹാരവിതരണത്തിനായി പൊതുവിഭാഗം, എസ്.സി.പി ഫണ്ടുകൾ വകയിരുത്തുന്നതിലേയ്ക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തയ്യാറാക്കിയിട്ടുള്ള പ്രോജക്ടിനൊപ്പം ഓരോ വിഭാഗത്തിലെയും കുട്ടികളുടെ എണ്ണവും ശതമാനവും സംബന്ധിച്ച സാക്ഷ്യപത്രം അനിവാര്യമായും സമർപ്പിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ അംഗനാവാടി പോഷകാഹാര വിതരണ പ്രോജക്ടുകൾക്കായി (പ്രോ.നം.36&37) പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 15,81,797/-രൂപയും പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള വികസന ഫണ്ടിൽ നിന്നും 611348/- രൂപയും ചെലഴിച്ചിട്ടുണ്ട്. എന്നാൽ പൊതുവിഭാഗം,പട്ടികജാതി കുട്ടികളുടെ എണ്ണം സംബന്ധമായ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സാക്ഷ്യപത്രം അനിവാര്യമായും പ്രോജക്ടിനൊപ്പം സമർപ്പിച്ചിരിക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായി പൊതു വിഭാഗം ഫണ്ടും, പ്രത്യേക ഘടക പദ്ധതി ഫണ്ടും അങ്കണവാടി പോഷകാഹാര വിതരണത്തിനായി വകയിരുത്തണമെന്നുമുള്ള 16.11.2013ലെ സ.ഉ(എം.എസ്) നമ്പർ

362/2013/തസ്വഭവ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല എന്ന് പ്രോജക്ടുകളുടെ പരിശോധനയിൽ വ്യക്തമാകുന്നു. 2015-16 വർഷം വിവിധ അങ്കണവാടികളിൽ പ്രവേശിപ്പിച്ചിരുന്ന പൊതുവിഭാഗം, പട്ടിക ജാതി വിഭാഗം കുട്ടികളുടെ എണ്ണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അങ്കണവാടി പോഷകാഹാര വിതരണ പരിപാടിയിൽ ആകെ 1224കുട്ടികൾ ഉൾപ്പെടുന്നതായും അവരിൽ 450 പേർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്നും മറുപടി നൽകിയിട്ടുണ്ട്.ആയതിൽ .
നിന്നും ആകെ കുട്ടികളുടെ 26.88% മാത്രമാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ എന്ന് വ്യക്തമാവുന്നു.ആയതിനാൽ പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള വികസന ഫണ്ടിൽ

നിന്നും ആനുപാതികമായി വകയിരുത്താവുന്ന തുക 5,92,149/-രൂപ (15,81,797+6,11,348)x27% മാത്രമാണ്. പ്രത്യേക ഘടക പദ്ധതി ഫണ്ടിനത്തിൽ അധികമായി ചെലവഴിച്ച 19,199/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രത്യേത ഘടക പദ്ധതി ഫണ്ടിൽ നിന്നും കൂടുതലായി വകയിരുത്തിയ തുക തുടർ വർഷങ്ങളിൽ ക്രമീകരിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്. ഫണ്ട് വകയിരുത്തൽ സംബന്ധമായ മാനദണ്ഡങ്ങൾ പ്രോജക്ട് തയ്യാറാക്കുമ്പോൾത്തന്നെ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 <u>കേന്ദ്ര വിഹിതമായി ഭക്ഷ്യധാന്യം - വരവ് വിതരണ വിവരങ്ങൾ ഇല്ല. ക്രമരാഹിത്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കണം.</u>

കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി കേന്ദ്രവിഹിതമിനത്തിൽ ലഭിച്ച 4020/-കി.ഗ്രാം. ഗോതമ്പിന്റെ കടത്ത് കൂലി നൽകിയെങ്കിലും ഭക്ഷ്യ ധാന്യങ്ങൾ സപ്ലൈകോയിൽ നിന്നും ലഭിച്ചതയോ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതായോ നിർവ്വഹണോദ്യോഗസ്ഥയുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് സപ്ലൈകോയിൽ നിന്നുള്ള ഗുഡ്സ് ഇഷ്യൂ ഷീറ്റും അംഗൻവാടി ജീവനക്കാർ ഒപ്പിട്ട വിതരണ സ്റ്റേറ്റ്മെന്റും ഹാജരാക്കി. കൗമാരക്കാരായ പെൺകുട്ടികൾക്കായുള്ള സബല പദ്ധതിക്കായി സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ലഭ്യമായ 4020 കി.ഗ്രാം ഗോതമ്പ് വിവിധ അങ്കണവാടികളിലേക്ക് വിതരണം ചെയ്തതിന്റെ കടത്തുകൂലി ഇനത്തിൽ 6432/- രൂപ 29.03.16 ലെ ബിൽ നം.14/15-16 പ്രകാരം പിൻവലിച്ച് നൽകിയെങ്കിലും വിതരണ വിവരങ്ങൾ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുള്ള ഗുഡ്സ് ഇഷ്യൂ ഷീറ്റ് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടിക്കൊണ്ടും സ്റ്റോക്ക് ,വിതരണ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും15.12.16 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 1 ന് മറുപടിയായി 4020 കി.ഗ്രാം ഗോതമ്പ് വിവിധ അംഗൻവാടികളിലെ ജീവനക്കാർ ഒപ്പിട്ട് വാങ്ങിയതായി വ്യക്തമാക്കുന്ന വിതരണ സ്റ്റേറ്റ്മെന്റും 28.03.16ലെ ഇഷ്യൂ നമ്പർ 15396 പ്രകാരം 4020/-കി.ഗ്രാം. ഗോതമ്പ് വിതരണം ചെയ്തതായി വ്യക്തമാക്കുന്ന ഗുഡ്സ് ഇഷ്യൂ ഷീറ്റ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.അങ്കണവാടി ഭക്ഷ്യധാന്യവിതരണത്തിൽ നിർവഹണോദ്യോഗസ്ഥയുടെ

സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അങ്കണവാടി ജീവനക്കാർ കൈപ്പറ്റ് വിവരം സാക്ഷ്യപ്പെടുത്തുകയും ചെയ്ത ഭക്ഷ്യധാന്യത്തിന്റെ അളവും അങ്കണവാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭ്യമായതായി രേഖപ്പെടുത്തിയിരിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതായി മുൻ വർഷങ്ങളിലെ ഓഡിറ്റിലും വ്യക്തമായിട്ടുള്ളതിനാലും (ഓഡിറ്റ് റിപ്പോർട്ട് 2014-15 ഖ.3-22 കാണുക) സബല പദ്ധതി പ്രകാരമുള്ള ഭക്ഷ്യ ധാന്യവിതരണം രേഖപ്പെടുത്തുന്നതിന് നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഭക്ഷ്യധാന്യവരവ്, വിതരണ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല. ഭക്ഷ്യധാന്യങ്ങളുടെ വരവ്, വിതരണം എന്നിവ സംബന്ധമായ രേഖപ്പെടുത്തലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്ത സാഹചര്യം സഗൗരവം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാനും അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം / ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെക്കൂടെ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും ഇതിനായി വെൽഫെയർ കമ്മിറ്റികൾക്ക് പുറമെ ഗ്രാമസഭാ അംഗങ്ങളിൽ നിന്നും 5 പേർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും ഈ കമ്മിറ്റി മാസത്തിൽകുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിച്ച് പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഭക്ഷണത്തിന്റെ ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമ / ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകണമെന്നും അങ്കണവാടി പോഷകാഹാരവിതരണം കുറ്റമറ്റതാക്കുവാൻ വാർഡ് ജനപ്രതിനിധികൾ അങ്കണാടികളിൽ കൂടെക്കൂടെ സന്ദർശനം നടത്തണമെന്നും അങ്കണവാടിക്കുട്ടികളുടെ കണക്കെടുത്ത് (ബയോമെട്രിക് ഐഡൻറിഫിക്കേഷൻ / നേരിട്ട് എണ്ണം തിട്ടപ്പെടുത്തി ) അതിൻപ്രകാരം മാത്രം തുക വകയിരുത്തണമെന്നും പോഷക പ്രാധാന്യമുള്ള ഭക്ഷണംപ്രദാനം ചെയ്യണമെന്നും അടക്കം അങ്കണവാടികളുടെ പോഷകാഹാര വിതരണം സംബന്ധമായി 16.11.2013 ലെ സ.ഉ.(എം.എസ്.) നം. 362/2013 / തസ്വഭവ, 11.01.2016 ലെ. സ.ഉ.(എം.എസ്. )നമ്പർ 4/16/ തസ്വഭവ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാനും ക്രമരാഹിത്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കാനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഐ.എ.വൈ. വിഹിതം - ഗുണഭോക്താക്കളുടെ വിവരങ്ങളോ, വിനിയോഗ വിവരങ്ങളോ ഇല്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഐ.എ.വൈ. വിഹിതം (ജനറൽ) (നം.2/15-16), ഐ.എ.വൈ. വിഹിതം (എസ്.സി.പി.) (നം.230/15-16) എന്ന പദ്ധതികൾക്കായി യഥാക്രമം 17.10.15 ലെ ബിൽ നം.17/15-16പ്രകാരം 6,80,000 /- രൂപയും 18/15-16 പ്രകാരം 7,20,000 /- രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങളോ, തുകയുടെ വിനിയോഗ വിവരങ്ങളോ വിനിയോഗ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

26.03.16 ലെ സ.ഉ.(സാധാ) 1328/16/തസ്വഭവ ഉത്തരവിനെ തുടർന്ന് ഐഎവൈ ഭവന പദ്ധതി - സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുടെ പലിശ തിരിച്ചടവ് (പ്രോ.നം.253/15-16) എന്ന പ്രോജക്ട് രൂപീകരിച്ച് 30.03.16 ലെ ബിൽ നം.43 പ്രകാരം 12,00,000/-രൂപ പിൻവലിച്ചതായി കാണുന്നു. 2015-16 വാർഷിക പദ്ധതിയൽ നടപ്പാക്കാൻ സാദ്ധ്യതയില്ലാത്ത പ്രോജക്ടുകളിലെ തുക ജി.ഒ.പ്രോജക്ടായി ഐ.എ.വൈ.ഭവനപദ്ധതിയ്ക്കുള്ള ത്രിതല പഞ്ചായത്ത് വിഹിതം, സംസ്ഥാന സർക്കാരിന്റെ അധിക സാമ്പത്തിക സഹായം എന്നീ ഇനങ്ങളിൽ നേരിട്ട് ചെലവഴിയ്ക്കുന്നതിനും ഐ.എ.വൈ.ഭവനപദ്ധതിയ്ക്കായി സർക്കാർ നൽകേണ്ടിയിരുന്ന അധിക ധനസഹായത്തിനായി സഹകരണസ്ഥാപനങ്ങളിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകൾ എടുത്ത വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിനും മേൽ സൂചന ഉത്തരവ് പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് രൂപീകരിച്ച് തുക പിൻവലിച്ചിട്ടുള്ളത്. എന്നാൽ ഐ.എ.വൈ.ഭവനപദ്ധതിയ്ക്കായി സർക്കാർ നൽകേണ്ടിയിരുന്ന അധിക ധനസഹായത്തിനായി വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് സഹകരണസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെന്നോ എന്നും വായ്പാത്തുകയും പലിശയും എത്രയെന്നോ വ്യക്തമാക്കുന്ന രേഖകളോ വിനിയോഗ വിവരങ്ങളോ വിനിയോഗ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്കുള്ള മറുപടിയായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട്.എന്നാൽ പദ്ധതി ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ വിവരങ്ങളോ, ബ്ലോക്ക് പഞ്ചായത്ത് ഐഎവൈ ഭവന പദ്ധതിയ്ക്കായി സഹകരണസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തതിന്റെ വിവരങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.പ്രസ്തുത രേഖകളുടെ അഭാവത്തിൽ വിവിധ ഐഎവൈ ഭവന പദ്ധതികൾയ്ക്കായി ചെലവഴിച്ച 26,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-10 കിണർ നിർമ്മാണം (എസ്.സി.പി.) അർഹമായതിലും അധികം സബ്സിഡി അനുവദിച്ചു നൽകി.

കിണർ നിർമ്മാണത്തിന് പൊതുവിഭാഗത്തിനും പട്ടിക ജാതി വിഭാഗത്തിനും ഇടനാട് മേഖലയിൽ അനുവദിക്കാവുന്ന സബ്സിഡിയുടെ നിരക്ക് ആകെ പ്രവൃത്തി മൂല്യത്തിന്റെ 75% എന്ന പരിധിക്ക് വിധേയമായി 17000/- രൂപയാണെന്ന് 16.01.2013ലെ സ. ഉ. (എം.എസ്.) നം.362/2013/ തസ്വഭവ ഉത്തരവ് പ്രകാരമുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും
സംബന്ധിച്ച മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കുടിവെള്ള കിണർ നിർമാണം (എസ്.സി.പി) എന്ന പ്രോജക്ടിലൂടെ (നം. 18/2016) അർഹമായതിലും അധികം സബ്സിഡി അനുവദിച്ചു നൽകി.
വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ ചെലവ്: 361114/- രൂപ

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | വാല്യൂവേഷൻ തുക | അനുവദി ക്കാവുന്ന തുക | അനുവദിച്ച തുക | ബിൽ നം./ തീയതി | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1. | പാച്ചൻ<br>മൈലേട്ടുംപറമ്പിൽ,<br>തലച്ചിറ | 15,979/- | 11,984/- | 15,979/- | 12/15-16/<br>17.12.15 | 3995/- |
| 2. | സന്തോഷ്<br>തുണ്ടുവിള പുത്തൻ വീട്<br>തോട്ടവട്ടം | 15135/- | 11351/- | 15135/- | 12/15-16/<br>17.12.15 | 3784/- |
| 3. | സാവിത്രി<br>ചാലുവിള വീട്<br>തലച്ചിറ | 21463/- | 16097/- | 17000/- | 12/15-16/<br>17.12.15 | 903/- |
| 4. | സുധർമിണി<br>ചന്തുഭവൻ<br>പനവേലി | 20541/- | 15406/- | 7000/-<br>10000/- | 34/15-16/<br>10.03.16<br>37/15-16/<br>21.03.16 | 1594/- |
| 5. | പുഷ്പരാജൻ<br>ലക്ഷ്മി ഭവൻ<br>കോട്ടവട്ടം | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | | 7000/- | 37/15-16/<br>21.03.16 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 6. | ബാലൻ<br>കണ്ണൻ വിലാസം<br>ചരുവിള പുത്തൻ വീട്<br>കരിയ്ക്കം | 17872/- | 13404/- | 17000/- | 27/15-16/<br>18.02.16 | 3596/- |
| | ആകെ | | | | | 13872/- |

മേൽ സൂചിപ്പിച്ച അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23 ന് അധികമായി അനുവദിച്ച തുകയും മുൻകൂർ കൈപ്പറ്റിയിട്ടും പൂർത്തീകരിയ്ക്കാത്ത കിണറിന് അനുവദിച്ച തുകയും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിയ്ക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

കിണർ നിർമ്മാണത്തിന് അർഹമായതിലും അധികമായി അനുവദിച്ച നൽകിയ 13872/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മുൻകൂർ കൈപ്പറ്റിയിട്ടും പൂർത്തീകരിയ്ക്കാത്ത കിണറിന് അനുവദിച്ച 7000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അർഹമായതിലും അധികമായി അനുവദിച്ച നൽകിയ തുക തിരികെ ഒടുക്കിയും മുൻകൂർ കൈപ്പറ്റിയ കിണർ പൂർത്തീകരിയ്ക്കാത്ത പക്ഷം തുക തിരികെ ഒടുക്കിയും പരാമർശം തീർപ്പാക്കേണ്ടതാണ്.

## 3-11 പ്രോജക്ട് നം. SO-138/16-ചിരട്ടക്കോണം-പച്ചൂർ റോഡ് സൈഡ് കെട്ടും കോൺക്രീറ്റിംഗും-അപാകതകൾ -- 4269/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

2014-15 വർഷം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 55500/- രൂപയും, വികസനഫണ്ട്-സി.എഫ്.സിയിൽ നിന്നും 169500/- രൂപയും ചേർത്ത് ആകെ 225000/- രൂപ അടങ്കൽ വകയിരുത്തിയ പ്രോജക്ട് നം. SO-150/15-ന്റെ സ്പിൽ ഓവർ പ്രോജക്ടാണിത്. 2014-15 വർഷം വികസനഫണ്ട്-സി.എഫ്.സിയിൽ നിന്നും 141330/- രൂപ മാത്രമാണ് പ്രോജക്ടിനു വേണ്ടി ചെലവഴിച്ചിട്ടുള്ളത്. ബാക്കി തുകയ്ക്ക് അടങ്കൽ നിശ്ചയിച്ചാണ് 2015-16 വർഷം പ്രോജക്ട് രൂപീകരിച്ചത്.

നിർവഹണം- അസി. എഞ്ചിനീയർ.

അടങ്കൽ തുക- 83670/- (മെയിന്റനൻസ് ഗ്രാന്റ്-55500/-+വികസനഫണ്ട്-സി.എഫ്.സി-28170/-)

കൺവീനർ- ദേവരാജൻ

എഗ്രി. നം/തീ-43/AE/LSGD/VT/14-15/29.11.2014

എം. ബുക്ക് നം.74/14-15

ആകെ പ്രവൃത്തിമൂല്യം- 74753/-രൂപ

(+) VAT 5% - 3737/-

WF 1% - 748/-

-----------

79238/-രൂപ (ബിൽ നം.6/15-16/29.6.2015- 55500/-രൂപ

ബിൽ നം.18/15-16/16.7.2015- 23738/-രൂപ)

(-) വാറ്റ് 5%- 3737/-

WF 1%- 748/-

IT 1%- 748/-

--------------

കൺവീനർക്ക് നൽകിയത് 74005/-രൂപ (ഡി.ഡി. നം. 945574318/29.6.2015- 55500/-

ഡി.ഡി. നം. 945574720/17.7.2015- 18505/-രൂപ)

=========

എസ്റ്റിമേറ്റ് ഇനം-3 (എം.ബുക്ക് പേജ് നം.15,17) പ്രകാരം "Wearing coat on the top of the retaining wall connected with road, CC 1:3:6 using 20mm broken stone" എന്ന ഇനം ചുവടെ ചേർക്കുന്ന തരത്തിൽ അളവെടുത്ത് കൺവീനർക്ക് തുക നൽകിയിട്ടുണ്ട്.

1x5x0.5x0.075 = 0.1875

1x5x0.5x0.075 = 0.1875

1x4.40x0.5x0.075 = 0.165

--------

0.540m3

=======

0.540m3 @ 56.10/10dm3 നിരക്കിൽ 3029.40 രൂ. കൺവീനർക്ക് നൽകി.

എം.ബുക്ക് പേജ് നം.13 പ്രകാരം മേൽ വിവരിച്ച പ്രവൃത്തി CC 1:2:4 ഉപയോഗിച്ച് 10cm കനത്തിൽ 0.964m3 ചെയ്തിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഇനം- 4-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

എസ്റ്റിമേറ്റ് ഇനം-4 (എം.ബുക്ക് പേജ് നം.4)പ്രകാരം CC 1:2:4 wearing coat to road എന്ന പ്രവൃത്തി ചുവടെ ചേർക്കുന്ന അളവിൽ ചെയ്തിട്ടുണ്ട്.

1x30x3x0.05= 4.50

1x30x3x0.05= 4.50

1x3.50x3x0.05= 0.525

--------

9.525m3=9525dm3

==============

CC 1:2:4 -ന്റെ, മേൽ സൂചിപ്പിച്ച രണ്ട് അളവുകളും ചേർത്ത് 10489 dm3 കണക്കാക്കുകയും (0.964+9.525=10.489m3=10489 dm3) ആയത് എസ്റ്റിമേറ്റ് അളവായ 10200 dm3-ൽ പരിമിതപ്പെടുത്തി 63.24/10dm3 നിരക്കിൽ 64504.80 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

റോഡിന് C.C.1:2:4 വിയറിംഗ് കോട്ട് 10cm കനത്തിൽ ചെയ്യുക എന്ന പ്രവൃത്തി മാത്രമാണ് എസ്റ്റിമേറ്റിൽ ഇനം-4 ആയി ഉൾപ്പെടുത്തിയിരിക്കുന്നത്. സംരക്ഷണ ഭിത്തിക്ക് മുകളിൽ C.C.1:2:4 വിയറിംഗ് കോട്ട് ചെയ്യുന്ന പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല. മാത്രവുമല്ല, ഇനം-3 പ്രകാരം സംരക്ഷണ ഭിത്തിക്ക് മുകളിൽ C.C.1:3:6 വിയറിംഗ് കോട്ട് ചെയ്തിരിക്കുന്നതിനാൽ C.C.1:2:4 വീണ്ടും ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ആയതിനാൽ, റോഡിന് C.C.1:2:4 വിയറിംഗ് കോട്ട് 5cm കനത്തിൽ ചെയ്യുക എന്ന പ്രവൃത്തി മാത്രമാണ് ഇനം-4 പ്രകാരം അനുവദിക്കാവുന്നത്.

അനുവദനീയമല്ലാത്ത അളവ് = 10200-9525=675dm3

അനുവദനീയമല്ലാത്ത തുക = 675 x 6.324= 4269/- രൂ.ഓഡിറ്റിൽ നിരാകരിക്കുന്നു.

. ടി തുക ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി(നം -3തീയതി.20-12-16)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-12 പ്രോജക്ട് നം. SO-185/16- കോക്കാട് ഗവ.യു.പി.എസ്.റോഡ് കോൺക്രീറ്റിംഗ്-അനുവദനീയമല്ലാത്ത ചെലവ്-നിരാകരണം-2614/-രൂ.

നിർവഹണം- അസി. എഞ്ചിനീയർ.

അടങ്കൽ തുക- 100000/-രൂപ (ലോകബാങ്ക് ധനസഹായം)

കൺവീനർ- ശ്രീ.രാജേന്ദ്രകുറുപ്പ്

എഗ്രി. നം/തീ- 10/AE/LSGD/VT/15-16/24.7..2015

എം. ബുക്ക് നം.23/15-16

ആകെ പ്രവൃത്തിമൂല്യം- 94641.79/- രൂപ

പരിമിതപ്പെടുത്തിയത് - 94340/- രൂപ

(+) VAT 5% - 4717/-

WF 1% - 943/-

-----------

100000/-രൂപ (ബിൽ നം.35/15-16/18.9.2015)

(-) വാറ്റ് 5%- 4717/-

WF 1%- 943/-

IT 1%- 943

--------------

കൺവീനർക്ക് നൽകിയ തുക 93397/-രൂ.(ഡി.ഡി. നം. 945575719/19.9.2015)

=========

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) | ഹാജരാക്കിയ രേഖ |
|---|---|---|---|
| 1 | സിമന്റ് | 32700 | ബിൽ നം.15/dt.Nil, ദീപാ ഹാർഡ് വെയേഴ്സ്, കൊട്ടാരക്കര. |
| 2 | എം.സാന്റ്, മെറ്റൽ, ചിപ്സ് | 41200 | കൈപ്പറ്റ് രസീത്. |
| 3 | വൈബ്രേറ്റർ, മിക്സിംഗ് മെഷീൻ വാടക | 3000 | കൈപ്പറ്റ് രസീത്. |
| 4 | മസ്റ്റർ റോൾ | 14800 | കൈപ്പറ്റ് രസീത്. |
| 5 | കോൺക്രീറ്റിംഗ് തൊഴിലാളികൾക്ക് ഭക്ഷണം | 2070 | കൈപ്പറ്റ് രസീത്. |
| | ആകെ | 93770 | |

പ്രസ്തുത ചെലവുകളിൽ, ക്രമ നം. 5 പ്രകാരമുള്ള ചെലവിനം അനുവദനീയമല്ല. ആയതിനാൽ യഥാർത്ഥ പ്രവൃത്തിമൂല്യം 93770-2070=91700/- രൂ. ആണെന്ന് കാണുന്നു. ഇതിന്റെ

അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന തരത്തിലായിരുന്നു ബിൽ തയ്യാറാക്കേണ്ടിയിരുന്നത്.

ആകെ പ്രവൃത്തിമൂല്യം- 91700/-

(+) VAT 5% - 4585/-

WF 1% - 917/-

-----------

97202/-

(-) വാറ്റ് 5%- 4585/-

WF 1%- 917/-

IT 1%- 917 /-

--------------

കൺവീനർക്ക് നൽകാവുന്ന 90783/-രൂ.

=========

അധികം നൽകിയ തുക= 93397-90783= 2614/- രൂ.

അധികം നൽകിയ 2614/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 അതുല്യം പ്രാഥമികവിദ്യാഭ്യാസപരിപാടി - പുസ്തകം വാങ്ങി നൽകിയതായും പരീക്ഷ എഴുതിയതായും വ്യക്തമാക്കുന്ന രേഖകളില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ അതുല്യം പ്രാഥമികവിദ്യാഭ്യാസ പരിപാടി എന്ന പ്രോജക്ടിനായി (നമ്പർ 31/16) 28/12/2015 ലെ ബിൽ നമ്പർ 18 പ്രകാരം 1,39,478/- രൂപ പിൻവലിക്കുകയും സദാനന്ദപുരം,വെട്ടിക്കവല, കോക്കാട് എന്നീ തുടർവിദ്യാകേന്ദ്രങ്ങളിലായി പ്രേരകുമാരുടെയും ഇൻസ്ട്രക്ടർമാരുടെയും ഓണറേറിയം,പരീക്ഷനടത്തിപ്പ് ചെലവ് എന്നീ ഇനങ്ങളിലായി യഥാക്രമം 52,278/-രൂപ,52350/- രൂപ,34850/-രൂപ എന്നിങ്ങനെ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഠിതാക്കൾക്ക് പുസ്തകം വാങ്ങി നൽകിയതായും പഠിതാക്കൾ പരീക്ഷ എഴുതിയതായും വ്യക്തമാക്കുന്ന രേഖകളില്ല.

സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് നാലാംതരം ജയിക്കാത്ത പഠിതാക്കളുടെ വിവരങ്ങൾ ശേഖരിക്കണമെന്നും ക്ലാസുകൾ ആരംഭിച്ചുകഴിഞ്ഞാൽ ഉടൻതന്നെ പഠിതാക്കൾക്ക് പുസ്തകങ്ങൾ, മറ്റ് പഠനോപകരണങ്ങൾ തുടങ്ങിയവ നൽകണമെന്നും മലയാളം,ഇംഗ്ലീഷ്,കണക്ക്, നമ്മളും നമുക്ക് ചുറ്റും എന്നീ വിഷയങ്ങൾ തുല്യതാ പാഠാവലി കുറഞ്ഞത് 100 മണിക്കൂറെങ്കിലും പഠിപ്പിക്കണമെന്നും പരീക്ഷ കഴിഞ്ഞാൽ ഉടൻതന്നെ

ജില്ലാസാക്ഷരതാമിഷന്റെ നേതൃത്വത്തിൽ DIETന്റെ സഹകരണത്തോടെ മൂല്യനിർണയം സംഘടിപ്പിയ്ക്കണമെന്നും അതുല്യം മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കെ അത്തരം പ്രവർത്തനങ്ങൾ നടന്നിട്ടില്ല.പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.സമ്പൂർണ പ്രാഥമികവിദ്യാഭ്യാസപരിപാടിയുടെലക്ഷ്യങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതിനാലും പഠിതാക്കളുടെ തെരഞ്ഞെടുപ്പിനെ സാധൂകരിയ്ക്കുന്ന രേഖകളില്ലാത്തതിനാലും പദ്ധതിയ്ക്കായി ചെലവഴിച്ച 1,39,478/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പഠിതാക്കളുടെ തെരഞ്ഞെടുപ്പ്,പുസ്തകം വാങ്ങി നൽകൽ, പരീക്ഷ ,മൂല്യനിർണയം എന്നിവ സംബന്ധമായ രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-14 <u>മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ഓട്ടോറിക്ഷ വാങ്ങലിന് ആനുകൂല്യങ്ങൾ നൽകി.</u>

സ്വയം തൊഴിലിനായി ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം ലഭിയ്ക്കുന്നതിന് ഗുണഭോക്താവിന് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണമെന്ന് 16.11.2013ലെ ജി.ഒ.(പി)നം.362/13/തസ്വഭവ. ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കെ പ്രസ്തുത മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ത്രീ വീലർ ലൈസൻസ് ഇല്ലാത്ത വ്യക്തിയ്ക്ക് ആനുകൂല്യങ്ങൾ നൽകി.

അസി.സെക്രട്ടറി നിർവഹണം നടത്തിയ യുവജന ക്ഷേമ പദ്ധതി (ഓട്ടോറിക്ഷാ വിതരണം)എന്ന പ്രോജക്ടിനായി പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള വികസനഫണ്ടിൽ നിന്നും ഒരാൾക്ക് 50,000/-രൂപ വീതം 10 ഗുണഭോക്താക്കൾക്കുള്ള ബാക്ക് എൻഡഡ് സബ്സിഡിയായി 5ലക്ഷം രൂപ 26.02.16ലെ ബിൽ നം.29പ്രകാരം പിൻവലിച്ച് ബാങ്കിൽ ഒടുക്കുകയും ഗുണഭോക്താക്കൾ ഓട്ടോറിക്ഷ വാങ്ങുകയും ചെയ്തിട്ടുണ്ട്.എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളിൽ ഒരാളായ ശ്രീ.സുരേഷ്.സി,ചരുവിള വീട്,തെറ്റിയോട് എന്ന വ്യക്തി അപേക്ഷയോടൊപ്പം സമർപ്പിച്ചിരിയ്ക്കുന്നത് LMV,HGMV എന്നീ വാഹനങ്ങൾ ഓടിയ്ക്കുന്നതിനുള്ള ലൈസൻസ് ആണ്.(നം.24/2635/04 തീ.08.05.15) .മുച്ചക്ര വാഹനം ഓടിയ്ക്കുന്നതിനുള്ള ലൈസൻസ് ഇല്ലാത്ത വ്യക്തിയ്ക്ക് ആനുകൂല്യം നൽകിയത് അർഹതാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്.

മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ചെലവഴിച്ച 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താവിൽ നിന്നും ത്രീ വീലർ ലൈസൻസ് ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതും അല്ലാത്തപക്ഷം ക്രമരഹിതമായി ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 3-15 <u>ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല</u>

അസി.സെക്രട്ടറിനിർവ്വഹണം നടത്തിയഭവന നിർമാണം (എസ്.സി ) എന്നപ്രോജക്ട് (നം.16/15-16) പ്രകാരം ഭവന നിർമാണം ആരംഭിച്ച് വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പ്രസ്തുത ഗുണഭോക്താക്കളുടെയും കൈപ്പറ്റിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽനം./തീയതി. |
|---|---|---|---|
| 1. | ശ്രീമതി.ശ്രീദേവി പള്ളത്തുപറമ്പിൽ പനവേലി | 20,000/- | 13/17.12.15 |
| | | 60,000/- | 5/16-17(2016-2017) |
| 2. | ശ്രീമതി.സന്ധ്യ ചരുവിള പുത്തൻവീട് സദാനന്ദപുരം | 20,000/- | 18/13.01.16 |
| | | 60,000/- | 38/21.03.16 |
| 3 | ശ്രീമതി.ലീലാമ്മ കലാഭവൻ കോട്ടവട്ടം | 20,000/- | 26/18.02.16 |
| | | 60,000/- | 5/16-17(2016-2017) |
| | ആകെ | 2,40,000/- | |

ഭവന നിർമാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കായി തൻവർഷം ചെലവഴിച്ച 1,20,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭവന പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവരിൽ നിന്നും നിയമാനുസൃത പലിശ സഹിതം തുക തിരികെ ഈടാക്കിയും തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-16 കോളനികളിൽ എൽ ഇ ഡി ബൾബുകൾ സ്ഥാപിയ്ക്കൽ-മാനദണ്ഡങ്ങൾ പാലിച്ചില്ല-,ബൾബുകളിൽ പലതും പ്രവർത്തനരഹിതം

അസി.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രത്യേകഘടകപദ്ധതി പ്രകാരമുള്ള വികസനഫണ്ടിൽ നിന്നും 5,90,850/-രൂപ ചെലവഴിച്ച് കോളനികളിൽ എൽ ഇ ഡി ബൾബുകൾ സ്ഥാപിയ്ക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിപ്രകാരം(പ്രോ.നം.188/15-16) മൂന്ന് വർഷ വാറണ്ടിയോടെ 116 എൽ ഇ ഡി ബൾബുകൾ സ്ഥാപിച്ചുവെങ്കിലും ബൾബുകളിൽ പലതും പ്രവർത്തനരഹിതമാണെന്നും കോളനികളിൽ ബൾബുകൾ സ്ഥാപിയ്ക്കുന്നതിന്പകരം മറ്റു സ്ഥലങ്ങളിൽ ബൾബുകൾ സ്ഥാപിച്ചതായും പ്രാദേശിക പരിശോധനയിൽ വ്യക്തമാവുന്നു.ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ എൽ ഇ ഡി ബൾബുകൾ സ്ഥാപിയ്ക്കുവാനുദ്ദേശിയ്ക്കുന്ന 116 പോസ്റ്റുകളുടെ പട്ടികയും സാമൂഹ്യഭൂപടവും തയ്യാറാക്കി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങുകയും എൽ ഇ ഡി ബൾബുകൾ സ്ഥാപിയ്ക്കുന്നതിനുള്ള അക്രെഡിറ്റഡ് ഏജൻസിയായ കെൽട്രോണുമായി 3 വർഷ വാറണ്ടി ഉറപ്പാക്കുന്ന കരാറിൽ ഏർപ്പെടുകയും ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം സാധനവില, ഇൻസ്റ്റലേഷൻ ചാർജ്, സൂപ്പർവിഷൻ ചാർജ് എന്നിവ ഒടുക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ബിൽ നം./തീയതി | തുക(രൂപ) | കുറിപ്പുകൾ |
|---|---|---|---|
| 1. | 11/15-16-17.12.15 | 5,56,800/- | സപ്ലൈ &ഇൻസ്റ്റലേഷൻ ചാർജ്. |
| 2. | 7/15-16-17.10.15 | 31,800/- | സൂപ്പർവിഷൻ ചാർജ്. |
| 3. | 15/15-16-28.12.15 | 2250/- | സൂപ്പർവിഷൻ ചാർജ്. |
| | ആകെ | 5,90,850/- | |

എന്നാൽ പ്രാദേശിക പരിശോധനയ്ക്ക് വിധേയമാക്കിയ പച്ചൂർ വാർഡിലെ പച്ചൂർ കോളനി, ലക്ഷം വീട് കോളനി, കൊപ്പാറ കോളനി എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 4 എൽ ഇ ഡി ബൾബുകളും നിലവിൽ പ്രവർത്തനരഹിതമാണ്.പച്ചൂർകോളനിയിൽ ഒരു പോസ്റ്റിൽത്തന്നെ എൽ ഇ ഡി,സി എഫ് എൽ,ഓർഡിനറി ബൾബുകൾ സ്ഥാപിച്ചിരിക്കുന്നു.

ഉളിയനാട് ഈസ്റ്റ് വാർഡിൽ ഇണ്ടിളിയപ്പൻ ക്ഷേത്ര ഭാഗത്ത് പോസ്റ്റ് നം.105/8ൽ സ്ഥാപിച്ചിരിക്കുന്ന എൽ ഇ ഡി ബൾബ് നിലവിൽ പ്രവർത്തനരഹിതമാണ്.ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ പ്രകാരമുള്ള പോസ്റ്റുകളിൽഉൾപ്പെടാത്തതും കോളനി പ്രദേശത്തല്ലാത്തതും സെന്റ്.മേരീസ് പള്ളി(പോസ്റ്റ് നം.94/N-17),ഗ്രീൻവാലി ഓഡിറ്റോറിയത്തിന്റെ പുറകുവശത്തേയുക്കുള്ള വഴി (പോസ്റ്റ് നം.KTR-E/MS220/3) എന്നിവിടങ്ങളിലെ പോസ്റ്റുകളിൽ എൽ ഇ ഡി ബൾബുകൾ സ്ഥാപിച്ചിരിക്കുന്നു.

3വർഷ വാറണ്ടിയോടെ സ്ഥാപിക്കപ്പെട്ട ബൾബുകളിൽ പലതും ഒരു വർഷത്തിനുള്ളിൽത്തന്നെ പ്രവർത്തനരഹിതമായിരിക്കുന്നതിനാലും പൊതുസൗകര്യപ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളുടെ 50% ത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ മാത്രമേ പ്രത്യേക ഘടകപദ്ധതി വിഹിതം വകയിരുത്താൻ പാടുള്ളൂ എന്നിരിക്കെ പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള ഫണ്ട് ഉപയോഗിച്ചുള്ള ബൾബുകൾ പ്രോജക്ടിനൊപ്പമുള്ള സാമൂഹ്യ ഭൂപടത്തിൽ ഉൾപ്പെടാത്ത ഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതിനാലും പദ്ധതിക്കായി ചെലവഴിച്ച 5,90,850/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി നിർവഹണത്തെപ്പറ്റി സമഗ്രാന്വേഷണം നടത്തി പ്രവർത്തന രഹിതമായ ബൾബുകൾ കരാർ വ്യവസ്ഥകൾക്കനുസൃതമായി മാറ്റിസ്ഥാപിക്കുന്നതിനും സാമൂഹ്യ ഭൂപടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-17 തെരുവു വിളക്കുകളുടെ പരിപാലനം - സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല-വാങ്ങിയ ഉപകരണങ്ങളുടെ വിതരണ വിവരങ്ങൾ ഇല്ല.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി തനതു ഫണ്ടിൽ നിന്നുംതുക വകയിരുത്തി

സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ തെരുവുവിളക്കുകൾ സ്ഥാപിയ്ക്കൽ, മെയിന്റൻസ് എന്നിവ സംബന്ധമായ സർക്കാർ മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

കൊല്ലം ഉൾപ്പെടെയുള്ള ആറ് ജില്ലകളിൽ എൽ.ഇ.ഡി .ഒഴികെയുള്ള തെരുവു വിളക്കുകളുടെ വിതരണം,ഇൻസ്റ്റലേഷൻ& മെയിന്റനൻസ്,ഗ്യാരണ്ടി നൽകൽ എന്നീ ചുമതലകൾ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ ഏല്പിച്ചു കൊണ്ടുള്ള 19.02.2015ലെ സ.ഉ.(സാധാ)നം.493/2015/ത സ്വ ഭ വ ഉത്തരവിനെ ആധാരമാക്കി തെരുവുവിളക്കുകളുടെ പരിപാലനം (പ്രോ.നം.107/15-16) തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ (പ്രോ.നം.100/15-16)എന്നീ പ്രോജക്ടുകൾ തയ്യാറാക്കിയെങ്കിലും പ്രോ.നം.100/15-16 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്ന് തെരുവുവിളക്കുകൾക്കുള്ള ഉപകരണങ്ങൾ മാത്രം വാങ്ങുകയും ഓട്ടോമാറ്റിക് സി.എഫ്.ലൈറ്റുകളുടെ പരിപാലനത്തിന് ശ്രീ.സനൽകുമാർ, യുണൈറ്റഡ് എനർജി സിസ്റ്റംസ്,മണക്കാട്,തിരുവനന്തപുരം എന്ന വ്യക്തിയ്ക്കും ഫ്ലൂറസെന്റ് ട്യൂബ്,സി.എഫ്.എൽ എന്നിവയുടെ പരിപാലനത്തിന് ശ്രീ.പി.അശോകൻ, അമല ഇലക്ട്രിക്കൽസ്,വെണ്ടാർ എന്ന വ്യക്തിയ്ക്കും പ്രോ.നം.107/15-16 പ്രകാരം കരാർ നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

ചുമതല ഏല്പിക്കപ്പെട്ട ജില്ലകളിൽ തെരുവുവിളക്കുകളുടെ വിതരണം,സ്ഥാപിയ്ക്കൽ,പരിപാലനം എന്നീ 3 പ്രവൃത്തികളും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ചെയ്യേണ്ടതാണെന്നും ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനം KSEBയിൽ നിന്ന് ക്ലിയറൻസ് വാങ്ങിയതിനുശേഷം സപ്ലൈ ഓർഡർ നൽകേണ്ടതാണെന്നുമുള്ള 16.10.15ലെസ.ഉ.(സാധാ) നം.3140/2015/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചതായോ KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവു വിളക്കുകളുടെ പരിപാലനപ്രവൃത്തികൾ സംബന്ധിച്ച 15.09.2011ലെ 3055/ഡിഎ3/2011/ തസ്വഭവ നിർദ്ദേശങ്ങൾ പാലിച്ചതായോ കാണുന്നില്ല. KSEBയിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾക്കു പകരം വാർഡ് മെമ്പർമാരിൽനിന്നുള്ള സാക്ഷ്യപത്രങ്ങളെ ആധാരമാക്കിയാണ് പരിപാലനപ്രവൃത്തികൾക്കായി 8,33,785/-രൂപ നൽകിയിരിക്കുന്നത്.തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേയ്മെന്റ് വൗച്ചർ നം./തീയതി | തുക(രൂപ) |
|---|---|
| 21501550/30.03.16 | 1,00,205 |
| 21501499/21.03.16 | 56,405 |
| 21501531/28.03.16 | 1,68,480 |
| 21500365/10.08.15 | 2,00,000 |
| 21500818/18.09.15 | 81,510 |
| 21500916/14.10.15 | 1,83,605 |
| 21501368/08.02.16 | 43,580 |

| | |
|---|---|
| ആകെ | 8,33,785 |

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്ന് പ്രോ.നം.100/15-16 പ്രകാരം 7,29,043/-രൂപ ചെലവഴിച്ച് തെരുവുവിളക്കുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങിയെങ്കിലും പ്രസ്തുത ഉപകരണങ്ങളുടെ വിതരണ വിവരങ്ങൾ ഇല്ല. തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേയ്മെന്റ് വൗച്ചർ നം./തീയതി | തുക(രൂപ) | ഇൻവോയ്സ് നം./തീയതി | തുക(രൂപ) |
|---|---|---|---|
| 21500850/29.09.15 | 4,16,215 | STL118/15.09.15 | 1,52,110 |
| | | STL119/15.09.15 | 2,64,105 |
| 21501381/09.02.16 | 3,12,828 | STL459/09.02.16 | 93,299 |
| | | STL460/09.02.16 | 2,19,529 |
| ആകെ | 7,29,043 | | |

പ്രസ്തുത അപാകതകളിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി 22.12.16 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. തെരുവുവിളക്കുകൾ സ്ഥാപിയ്ക്കൽ,മെയിന്റനൻസ്എന്നീപ്രവൃത്തികൾസർക്കാർമാർഗനിർദ്ദേശങ്ങൾപാലിയ്ക്കാതെ

കരാർനൽകിയതിനാലും തെരുവുവിളക്കുകൾക്കായി വാങ്ങിയ ഉപകരണങ്ങളുടെ വിതരണ വിവരങ്ങൾ ഇല്ലാത്തതിനാലും പ്രസ്തുത പ്രോജക്ടുകൾക്കായി ചെലവഴിച്ച 15,63,188/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മെയിന്റൻസ് പ്രവൃത്തികൾ കരാർനൽകിയതിന് മതിയായ കാരണവും വാങ്ങിയ ഉപകരണങ്ങളുടെ വിതരണ വിവരങ്ങളും ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-18 എസ്.എസ്.എ ഗ്രാമ പഞ്ചായത്ത് വിഹിതം-മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്ന് 300000/-രൂപ ചെലവഴിച്ചു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.എസ്.എ(എസ്.സി.പി.) എന്ന പ്രോജക്ടിൽ(നമ്പർ 210/2015-16) പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള ഫണ്ട് വിനിയോഗം സംബന്ധമായ മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ 300000/-രപ ചെലവഴിച്ചു.

വിദ്യാലയങ്ങളിലെ പൊതുവിഭാഗം, പട്ടികജാതി വിഭാഗം, പട്ടിക വർഗ്ഗ വിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ എസ്.എസ്.എ ഫണ്ട് വകയിരുത്താവുന്നതാണെന്നും ആയതിലേക്ക് ഓരോ സ്കൂളിലെയും ഓരോ വിഭാഗം കുട്ടികളുടെയും എണ്ണവും ശതമാനവും സംബന്ധിച്ച സ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം നിർബന്ധമായും പ്രോജക്ടിനോടൊപ്പം സമർപ്പിച്ചിരിക്കണമെന്നും 16.11.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 362/2013 ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ പുതുക്കിയ മാർഗ്ഗരേഖയിൽ

വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ പ്രത്യേക ഘടക പദ്ധതി വിഭാഗം കുട്ടികളുടെ എണ്ണം സംബന്ധിച്ച രേഖകൾ തയ്യാറാക്കാതെ 17.10.15 ലെ ബിൽ നമ്പർ.16/15-16 പ്രകാരം പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള വികസന ഫണ്ടിൽ നിന്നും 300000/- രൂപ ചെലവഴിച്ചിരിക്കുന്നത് എന്ന് ഫയലുകളുടെ പരിശോധനയിൽ വ്യക്തമാവുന്നു.

പ്രസ്തുത അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ ചെലവഴിച്ച 300000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക വകയിരുത്തിയത് ആനുപാതികമാണെന്ന് വ്യക്തമാക്കുന്നതായ വിദ്യാലയങ്ങളിലെ പൊതുവിഭാഗം, പട്ടികജാതി വിഭാഗം, പട്ടിക വർഗ്ഗ വിഭാഗം കുട്ടികളുടെ എണ്ണവും ശതമാനവും സംബന്ധിച്ച സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-19 നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ -ധനവിനിയോഗ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല

നോൺബാങ്കിംഗ് ട്രഷറികൾ മുഖേന ധനഇടപാടുകൾ നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർവഹണോദ്യോഗസ്ഥർ, ബില്ലുകൾ മുഖേന പിൻവലിക്കുന്ന തുകകളിൽ നിന്ന് 1000/-രൂപയിൽ അധികമായ തുക ഡി.ഡി.ആയി മാത്രം കൈമാറുക എന്ന ആവശ്യത്തിലേയ്ക്ക് ദേശസാൽകൃത ബാങ്കുകളിൽ ഒരു അക്കൗണ്ട് ആരംഭിയ്ക്കണമെന്നും ട്രഷറിബില്ലുകൾ പ്രകാരമുള്ളതല്ലാതെ മറ്റൊരു തുകയും പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിയ്ക്കരുതെന്നും,ട്രഷറി ബിൽ പ്രകാരമുള്ള നിക്ഷേപിച്ചാൽ ഉടൻതന്നെ അർഹരായവരുടെ പേരിൽ തുക ഡി.ഡി.യാക്കണമെന്നും, ഓരോ മാസത്തിന്റെയും അവസാനം നിക്ഷേപത്തീയതി മുതൽ 30 ദിവസത്തിലധികമായി വിനിമയം ചെയ്യപ്പെടാതെ ശേഷിയ്ക്കുന്ന തുകകൾ ചെലാൻ മുഖാന്തരം ട്രഷറിയിൽ തിരിച്ചടയ്ക്കണമെന്നും 12.04.2006ലെ ജി.ഒ.(പി)177/06/ഫിൻ ഉത്തരവ് പ്രകാരമുള്ള ധനവിനിയോഗ മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണോദ്യോസ്ഥരുടെ പേരിലുള്ള അക്കൗണ്ടുകളിലായി ഗണനീയമായ തുകകൾ ചെലവഴിയ്ക്കപ്പെടാതെ ശേഷിയ്ക്കുന്നതായി കാണുന്നു. വിവിധ നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ ശേഷിയ്ക്കുന്ന തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണോദ്യോഗസ്ഥന്റെ പേര് | ബാങ്ക്/ അക്കൗണ്ട് നം. | 2014-15ലെ ആദ്യ ബിൽ പ്രകാരമുള്ള തുക നിക്ഷേപിയ്ക്കുമ്പോൾ മുന്നിരിപ്പ്. | തൻ വർഷം പലിശയിനത്തിൽ വരവ്. | ഇതര വരവുകളുണ്ടെങ്കിൽ അവയുടെ വിവരങ്ങൾ | 01.05.2015ൽ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1. | വെറ്ററിനറി സർജൻ | ഇൻഡ്യൻ ബാങ്ക് 720948274 | 13956 | 710 | | 14672 |

| | | | | | | |
|---|---|---|---|---|---|---|
| 2. | കൃഷി ഓഫീസർ | ഇൻഡ്യൻ ഓവർസീസ്ബാങ്ക് 115050100003494 | 111919 | 15831 | 4500/- ജില്ലാ പഞ്ചായത്ത്. | 140941 |
| 3. | അസി. എൻജിനീയർ | ഇൻഡ്യൻ ഓവർസീസ്ബാങ്ക് 115050100005065 | 8565 | 10352 | | 18918 |
| 4. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഇൻഡ്യൻ ബാങ്ക് 934725233 | 1979 | 2065 | | 4044 |
| 5. | സെക്രട്ടറി | ഇൻഡ്യൻ ഓവർസീസ് ബാങ്ക് 115050100004387 | 153645 | 30396 | | 163854 |
| 6. | ഐ.സി.ഡി. എസ്. സൂപ്പർവൈസർ | എസ.ബി.റ്റി. കൊട്ടാരക്കര 57029748394 | 3902 | 882 | | 4380 |
| 7. | അസി. സെക്രട്ടറി. | ഇൻഡ്യൻ ഓവർസീസ്ബാങ്ക് 115050100009100 | 3176 | 8554 | | 11730 |

നിർവഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ ശേഷിയ്ക്കുന്ന തുകകൾ ധനവിനിയോഗ മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടവാക്കി അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

## 3-20 വനിതാഘടക പദ്ധതി മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ഭവന പുനരുദ്ധാരണ ആനുകൂല്യങ്ങൾ നൽകി.

സ്ത്രീയ്ക്കും പുരുഷനും ഒരുപോലെ പ്രയോജനം ലഭിയ്ക്കുന്ന വീട് നിർമാണം, വീട് വൈദ്യുതീകരണം, കുടിവെള്ളം ലഭ്യമാക്കൽ മുതലായവയും സമാന സ്വഭാവത്തിലുള്ളതുമായ പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയാൽ പ്രസ്തുത പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകുന്നത് സ്ത്രീ കുടുംബനാഥയായിട്ടുള്ളതും പ്രായപൂർത്തിയായ ഒരു പുരുഷനും അംഗമായി ഇല്ലാത്തതുമായ കുടുംബത്തിലെ സ്ത്രീയ്ക്ക് മാത്രമായിരിക്കണമെന്നും 16.11.2013ലെ ജി.ഒ.(പി)നം.362/13 തസ്വഭവ.ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ പ്രസ്തുത മാനദണ്ഡങ്ങൾ പാലിയ്ക്കാതെ പ്രായപൂർത്തിയായ പുരുഷന്മാർ അംഗങ്ങളായിട്ടുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.സെക്രട്ടറി നിർവഹണം നടത്തിയ ഭവന നിർമാണം (എസ്.സി വനിത), ഭവനപുനരുദ്ധാരണം (വനിത) എന്നീ പ്രോജക്ടുകളിലൂടെ ഭവന പുനരുദ്ധാരണ ആനുകൂല്യങ്ങൾ നൽകി.

ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ വിവരങ്ങളും സമർപ്പിച്ച അപേക്ഷയോടൊപ്പമുള്ള റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള പ്രായപൂർത്തിയായ

പുരുഷന്മാരുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

പ്രോ.നം.17/15-16ഭവന നിർമാണം (എസ്.സി വനിത)വികസന ഫണ്ട് 2,00,000/-രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | തുക (രൂ.) ബിൽ നം. തീയതി | റേഷൻ കാർഡ് നം. | റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള പുരുഷന്മാർ./ ഗുണഭോക്താവുമായുള്ള ബന്ധം. |
|---|---|---|---|---|
| 1. | ശ്രീമതി സീത.കെ മൊട്ടവിളവീട് പനവേലി | 20,000 14/17.02.15<br>60,000 22/23.01.16<br>60,000 34/10.03.16<br>60,000 41/24.03.16 | 1208099077 | ശ്രീ.കൊച്ചുകുഞ്ഞ് (52) ഭർത്താവ്. |
| | ആകെ | 2,00,000 | | |

പ്രോ.നം.127/15-16 ഭവനപുനരുദ്ധാരണം(വനിത) വികസന ഫണ്ട് 508847/-രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | തുക (രൂ.) ബിൽ നം. തീയതി | റേഷൻ കാർഡ് നം. | റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള പുരുഷന്മാർ./ ഗുണഭോക്താവുമായുള്ള ബന്ധം. |
|---|---|---|---|---|
| 1. | ശ്രീമതി ബിന്ദു. തുണ്ടുവിളവീട് കോട്ടവട്ടം നോർത്ത് | 25,000 4/20.7.15 | 1208152986 | ശ്രീ.ഷാജി.സി(38) ഭർത്താവ്. |
| 2. | ശ്രീമതി കുഞ്ഞുകുട്ടി കൊപ്പാറ വീട് വെട്ടിക്കവല | 25,000 2/25.6.15 | 1208006408 | ശ്രീ.ഭാസി(42) മകൻ |
| 3 | ശ്രീമതി ചെല്ലമ്മ കൊല്ലോണത്ത് പടിഞ്ഞാറ്റതിൽ കോക്കാട് | 25000 5/17.09.15 | 1208084234 | പൊടിയൻ(66) ഭർത്താവ് തുളസി(37)മകൻ |

| | | | | |
|---|---|---|---|---|
| | | | | സുരേഷ് (34)മകൻ |
| 4 | ശ്രീമതി സുലോചന<br>വിഷ്ണുവിലാസം<br>ചക്കുവരയ്ക്കൽ | 25000<br>9/28.10.15 | 1208122040 | തുളസിധരൻ(47)<br>ഭർത്താവ് |
| 5. | ശ്രീമതി സുജ<br>പനിക്കോട്ട് ചരുവിള | 25000<br>30/26.2.16 | 1208147950 | രമേശൻ(30)<br>ഭർത്താവ് |
| 6. | ശ്രീമതി ലളിത<br>കൊല്ലോണത്ത്<br>പടിഞ്ഞാറ്റതിൽ,കോക്കാട് | 25000<br>36/21.03.16 | 1208084328 | നാരായണൻ(60)<br>ഭർത്താവ്<br>മോഹനൻ(29)<br>മകൻ |
| 7. | ശ്രീമതി തങ്കമ്മ തേമ്പ്ര വീട്<br>തലച്ചിറ | 25000<br>45/26.03.16 | 1208003995 | പ്രഭാകരൻ(43)<br>മകൻ<br>സുരേന്ദ്രൻ(38)<br>മകൻ<br>മനോജ് (32)<br>മകൻ |
| | ആകെ | 1,75,000 | | |

മാനദണ്ഡങ്ങൾ പ്രകാരമല്ലാതെ ചെലവഴിച്ച 3,75,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വികസന ഫണ്ടിൽ നിന്നും (ലോക ബാങ്ക് സഹായം ഒഴികെ) വനിതാ ഘടക പദ്ധതിയ്ക്ക് 10% തുക നീക്കിവയ്ക്കേണ്ടതാണെന്നും സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനായി ഒരു വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണെന്നുമുള്ള പദ്ധതി ആസൂത്രണ മാർഗരേഖയിലെ നിർദ്ദേശം പാലിയ്ക്കുന്നതിനുവേണ്ടി മാത്രം പ്രോജക്ടുകൾ തയ്യാറാക്കുകയും തുടർന്ന് അർഹതാമാനദണ്ഡങ്ങൾ പാലിയ്ക്കാതെ ആനുകൂല്യം നൽകുകയും ചെയ്യുന്ന നടപടികൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-21 ജവഹർ ഭവന നിർമാണ പദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല

വി.ഇ.ഒ, നിർവ്വഹണം നടത്തിയ ജവഹർ ഭവന നിർമാണ പദ്ധതി (നം.24/15-16) എന്ന പ്രോജക്ട് പ്രകാരം ഭവന നിർമാണം ആരംഭിച്ച് വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കളുടെയും കൈപ്പറ്റിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽനം./തീയതി. |
|---|---|---|---|
| 1 | ശ്രീമതി ലളിത ശാരദ മന്ദിരം,കോക്കാട് | 60,000 | 4/15.11.2015 |
| | | 80,000 | 11/23.02.2016 |
| | | 40,000 | 14/27.03.2016 |
| 2 | ശ്രീമതി ജയശ്രീ.സി ഹരിഭവൻ | 80,000 | 4/15.11.2015 |
| 3 | ശ്രീമതി.പുഷ്പലത അമ്പിളി സദനം കോട്ടവട്ടം | 40,000 | 4/15.11.2015 |
| | | 40,000 | 14/27.03.2016 |
| | | 1,00,000 | (2016-2017) |
| | ആകെ(2015-16) | 3,40,000 | |

ഭവന നിർമാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കായി തൻവർഷം ചെലവഴിച്ച 3,40,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭവന പൂർത്തീകരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവരിൽ നിന്നും നിയമാനുസൃത പലിശ സഹിതം തുക തിരികെ ഈടാക്കിയും തടസ്സം തീർപ്പാക്കേണ്ടതാണ്.

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-2016 | 4500 | നെൽകൃഷി വികസനം | 4500 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ | 29/3-16 53/10-15 | 84872 | 84872 | 0 |

## 4-3 <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>

ഇല്ല

## 4-4 <u>വായ്പ/ വായ്പ തിരിച്ചടവ്</u>

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | 520/2010 ത.സ്വ.ഭ.വ. 17-2-10 | 22738500 | 6880900 | 3592700 | - | 3288200 |

•

## 4-5 <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

## 4-6 <u>ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച 3750 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2008-2009 | 3-16 | 3750 | എസ്.മോഹന ചന്ദ്രൻ, സെക്രട്ടറി | 1/12638 31-3-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-6 | 2006-2007 | 3-11(7) | വഴിവിളക്ക് സ്ഥാപിക്കൽ-അപാകത | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2001-2002 | 3-4 | 2006-2007 | 3-11(7) | ലൈൻ എക്സ്റ്റൻഷൻ പണി പൂർത്തീകരിക്കാത്തത് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 94012144 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74052330 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 20755 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6215160 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-10 | - | 13872 | ശ്രീമതി.അനിത കുമാരി അസി.സെക്രട്ടറി |
| 3-11 | - | 4269 | ശ്രീമതി.വിജിമോൾ.ഡി. എ.ഇ.,എൽ.എസ്.ജി.ഡി. |
| 3-12 | - | 2614 | ശ്രീമതി.വിജിമോൾ.ഡി. എ.ഇ.,എൽ.എസ്.ജി.ഡി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 21195 | ഡോ.ലിഖിൻ.എസ്.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-3 | 89250 | ശ്രീ.റ്റി.എൻ.ഭദ്രൻ, സെക്രട്ടറി |
| 3-7 | 19199 | ശ്രീമതി.ശശികലാദേവി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-9 | 2600000 | ശ്രീ.റ്റി.എൻ.ഭദ്രൻ, സെക്രട്ടറി |
| 3-10 | 7000 | ശ്രീമതി.അനിത കുമാരി അസി.സെക്രട്ടറി |
| 3-13 | 139478 | ശ്രീ.റ്റി.എൻ.ഭദ്രൻ, സെക്രട്ടറി |
| 3-14 | 50000 | ശ്രീമതി.അനിത കുമാരി അസി.സെക്രട്ടറി |
| 3-15 | 120000 | ശ്രീമതി.അനിത കുമാരി അസി.സെക്രട്ടറി |
| 3-16 | 590850 | ശ്രീമതി.അനിത കുമാരി അസി.സെക്രട്ടറി |
| 3-17 | 1563188 | ശ്രീ.റ്റി.എൻ.ഭദ്രൻ, സെക്രട്ടറി |

| | | |
|---|---|---|
| 3-18 | 300000 | ശ്രീ.റ്റി.എൻ.ഭദ്രൻ, സെക്രട്ടറി |
| 3-20 | 375000 | ശ്രീമതി.അനിത കുമാരി അസി.സെക്രട്ടറി |
| 3-21 | 340000 | ശ്രീ.അജയ് വർഗീസ്,വി.ഇ.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനിത കുമാരി അസി.സെക്രട്ടറി | അസി.സെക്രട്ടറി, വെട്ടിക്കവല ഗ്രാമ പഞ്ചായത്ത് | കൃഷ്ണപ്രിയ, ഇഞ്ചക്കാട്, മൈലം പി.ഒ. കൊല്ലം |
| ശ്രീമതി.വിജിമോൾ.ഡി. എ.ഇ.,എൽ.എസ്.ജി.ഡി. | എ.ഇ., വിളപ്പിൽശാല ഗ്രാമ പഞ്ചായത്ത് | ബത് ലഹേം, ചെമ്പകശ്ശേരിൽ, കേശവദാസപുരം, പട്ടം,തിരുവനന്തപുരം |

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽ.എഫ്.ക്യൂ.പി.3/1244 /14(6) | 7 |

| | | |
|---|---|---|
| | തീ.16-6-14 | |
| 2001-2002 | എൽ.എഫ്.ക്യൂ.പി.3/1244 /14(7)<br>തീ.16-6-14 | 5 |
| 2002-2003 | എൽ.എഫ്.ക്യൂ.പി.3/1244 /14(8)<br>തീ.16-6-14 | 5 |
| 2003-2004 | എൽ.എഫ്.ക്യൂ.പി.3/1244 /14(9)<br>തീ.16-6-14 | 5 |
| 2004-2005 | എൽ.എഫ്.ക്യൂ.പി.3/1244 /14(10)<br>തീ.16-6-14 | 10 |
| 2005-2006 | എൽ.എഫ്.ക്യൂ.പി.3/1244 /14(11)<br>തീ.16-6-14 | 14 |
| 2006-2007 | എൽ.എഫ്.ക്യൂ.പി.3/1244 /14(12)<br>തീ.16-6-14 | 14 |
| 2007-2008 | എൽ.എഫ്.ക്യൂ.പി.3/1244 /14(13)<br>തീ.16-6-14 | 18 |
| 2008-2009 | എൽ.എഫ്.ക്യൂ.പി.3/1244 | 18 |

| | | |
|---|---|---|
| | /14(14)<br>തീ.16-6-14 | |
| 2009-2010 | എൽ.എഫ്.ക്യ.പി.3/1244 /14(15)<br>തീ.16-6-14 | 16 |
| 2010-2011 | എൽ.എഫ്.ക്യ.പി.3/1244 /14(16)<br>തീ.16-6-14 | 5 |
| 2011-2012 | എൽ.എഫ്.ക്യ.പി.3/1650 /20013<br>തീ.5-6-14 | 24 |
| 2012-2013<br>&<br>2013-2014 | കെ.എസ്.എ-കെ.എൽ.എം/പി-3/1042/2015<br>തീ.11-11-15 | 17 |
| 2014-2015 | കെ.എസ്.എ-കെ.എൽ.എം/പി-7/1184/2016<br>തീ 3-8-16 | 28 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

നം നം.കെ എസ് എ-കെ എൽ എം പി 3-263/17 തിയ്യതി:12-02-2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള

പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,
കൊല്ലം